(സി) കരാറുകാർക്കുള്ള കുടിശ്ശിക പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് : പ്രസ്തുത കരാറുകാരുമായി ചർച്ച നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എന്ന് : ചർച്ചയിൽ എന്തൊക്കെ ഉറപ്പുകളാണ് കരാറുകാർക്ക് നൽകിയത് :

(ഡി) പ്രസ്തുത ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? പ്രസ്തുത ഉറപ്പുകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ : വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണവകുപ്പിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-3-2014 മുതൽ 28-2-2015 വരെ 1571.95 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 437.87 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 1-3-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽനിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 158.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 2168.40 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തുവിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തുവിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. ആറുമാസത്തെ ബില്ലുകൾക്ക് ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ ഏപ്രിൽ മാസം മുതൽ നൽകിത്തുടങ്ങാനും നബാർഡ് പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാകാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly